# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6007

### 02-04-2018 ൽ മറുപടിക്ക്

### ബാങ്കുകളിൽ നിക്ഷേപിച്ച കിഫ്ബിയുടെ പണം

| ചോദ്യം<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. വി.ടി. ബൽറാം<br>ശ്രീ. വി.എസ്. ശിവകുമാർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ)സംസ്ഥാനം പൊതുവിപണിയിൽ നിന്നും മറ്റ് പല ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പണം കടമെടുക്കുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം നിരക്കിലാണ് പലിശ നൽകുന്നത്; ഇനം തിരിച്ചുള്ള വിശദാംശം നൽകുമോ; | സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള പണം ബഡ്ജറ്റിനു പുറമെ നിന്നും കണ്ടെത്തുന്നതിന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) നാളിതുവരെ നബാർഡിന്റെ NIDA സ്കീം മുഖേന 565 കോടി രൂപ 9.3 ശതമാനം പലിശ നിരക്കിൽ അനുവദിക്കുകയും അതിൽ 100.80 കോടി രൂപ ആദ്യ ഗഡുവായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ധനാഗമമാർഗ്ഗങ്ങളുപയോഗപ്പെടുത്താനുള്ള നടപടികൾ പുരോഗമിക്കുന്നതേയുള്ളു. |
| (ബി) സംസ്ഥാന സർക്കാർ കിഫ്ബിക്ക് അനുവദിച്ച തുക എത്രശതമാനം പലിശ നിരക്കിലാണ് ന്യൂജനറേഷൻ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗ പ്രകാരം കിഫ്ബി നിധിയിൽ നാളിതുവരെ ലഭ്യമായ തുകയിൽ നിന്നും ഒരു ഭാഗം ഭേദഗതി ചെയ്ത കിഫ് ആക്റ്റിനനുസൃതമായ വിവേകപൂർവ്വമായ നിക്ഷേപങ്ങളിൽ ഉയർന്ന പലിശ നിരക്കിൽ വിവിധ ബാങ്കുകളിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. സെബി അംഗീകരിച്ച ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ നൽകിയ ഉയർന്ന റേറ്റിംഗിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം നിക്ഷേപങ്ങൾ നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) സംസ്ഥാനം ഉയർന്ന പലിശ നിരക്കിൽ കടമെടുക്കുകയും കിഫ്ബിക്ക് അനുവദിക്കുന്ന തുകകൾ കുറഞ്ഞ പലിശനിരക്കിൽ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നത് കാരണം പലിശയിനത്തിൽ നഷ്ടമുണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | കിഫ് ആക്റ്റിലെ വ്യവസ്ഥ പ്രകാരം സർക്കാർ കിഫ്ബിക്ക് നൽകാൻ ബാധ്യസ്ഥപ്പെട്ട തുകകളാണ് കിഫ്ബിക്ക് നൽകിയിട്ടുള്ളത്. ഈ തുക വിനിയോഗിക്കുന്നതിനുള്ള ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമാണ് ടി തുക വിവിധ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ളത്. വിവിധ ബാങ്കുകളിൽ നിന്നും ക്വട്ടേഷൻ സ്വീകരിച്ച് ഉയർന്ന നിരക്ക്, സെബി അംഗീകരിച്ച റേറ്റിംഗ് ഏജൻസികൾ നൽകിയ ഉയർന്ന റേറ്റിംഗ്, നിലവിലുള്ള നിക്ഷേപം എന്നിവ കൂടി കണക്കിലെടുത്താണ് നിക്ഷേപം നടത്തിയിട്ടുള്ളത്. |
| (ഡി) 2016-17 ലും 2017-18 ലും ഇത്തരത്തിൽ കുറഞ്ഞ നിരക്കിൽ ബാങ്കിൽ നിക്ഷേപിച്ചത് കാരണം പലിശയിനത്തിലുണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ

[illegible]

| FD Outstanding Dated 27.03.2018 | | | | | |
|---|---|---|---|---|---|
| Date of Issue | Bank | Deposit Amount | Maturity Date | Maturity Amount | Rate |
| 29-01-2018 | IndusInd Bank | 1,08,18,08,932.00 | 30-04-2018 | 1,10,11,24,005.35 | 7.16 |
| 29-01-2018 | Yes Bank | 1,50,00,00,000.00 | 30-04-2018 | 1,52,76,73,972.60 | 7.4 |
| 07-02-2018 | Yes Bank | 1,04,32,83,719.65 | 09-05-2018 | 1,06,26,61,642.88 | 7.45 |
| 22-02-2018 | HDFC | 1,06,14,39,968.95 | 23-05-2018 | 1,08,00,22,438.95 | 7.1 |
| 13-03-2018 | IndusInd Bank | 2,65,74,68,913.00 | 12-06-2018 | | 7.62 |
| **Total** | | **7,34,40,01,533.60** | | | |

സെക്ഷൻ ഓഫീസർ